പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:472 04/07/2012 - ൽ മറുപടിക്ക്

## മത്സ്യ/ചെമ്മീൻ വിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ്:<br>,, എസ്. ശർമ്മ:<br>ഡോ. കെ. ടി. ജലീൽ:<br>ശ്രീ. കെ. ദാസൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഗുണമേന്മയുള്ള മത്സ്യ/ചെമ്മീൻ വിത്ത് ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നുള്ള ധനസഹായത്തോടെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മലമ്പുഴ, പന്നിവേലിച്ചിറ, പോളച്ചിറ, പള്ളം ഫാം, നീണ്ടകര, അഴീക്കോട് എന്നീ ഹാച്ചറികളും അഡാക്കിന്റെ വർക്കല ഓടയം ഹാച്ചറിയിലും മത്സ്യഫെഡിന്റെ തിരുമുല്ലവാരം, കയ്പമംഗലം, വെളിയങ്കോട്, മാപ്പിളബേ എന്നീ ഹാച്ചറികളിലും ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവ പൂർത്തിയാകുന്നതോടെ ഡിപ്പാർട്ട്മെന്റിന്റെ നിയന്ത്രണത്തിലുള്ള ഹാച്ചറികളിൽ ഏകദേശം 600 ലക്ഷത്തോളം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം വർദ്ധിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മത്സ്യഫെഡിന്റെ 30 മില്യൺ വീതം ശേഷിയുള്ള 4 ഹാച്ചറികളിൽ നിന്നും കാര ചെമ്മീൻ, നാരൻ ചെമ്മീൻ, ആറ്റുകൊഞ്ച് എന്നിവ ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് പൊതുമേഖലാ ഹാച്ചറികളിൽ പ്രതിവർഷം എത്ര മാത്രം വിത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്നും ഇത് ആവശ്യകതയുടെ എത്ര ശതമാനം നിറവേറ്റുവാൻ പര്യാപ്തമാണെന്നും വ്യക്തമാക്കാമോ; | (ബി) | 2011-12 വർഷം അഡാക്കിന്റെ ഉടമസ്ഥതയിലുള്ള ഓടയം ഹാച്ചറിയിൽ നിന്ന് ഉല്പാദിപ്പിച്ച വിത്തുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ആറ്റുകൊഞ്ച് - 9,61,880<br>2. കാരചെമ്മീൻ - 1,14,29,570<br>3. ലാർവിവോറസ് - 4,342<br>അഡാക്ക് മുഖാന്തിരം വിതരണം ചെയ്ത മൊത്തം ആറ്റുകൊഞ്ച്/ചെമ്മീൻ വിത്ത് ആവശ്യകതയുടെ 27% ആണ്. കൂടാതെ മത്സ്യഫെഡിന്റെ നാല് ഹാച്ചറികളിൽ നിന്നും 2011-12 വർഷം ആകെ 454 ലക്ഷം ചെമ്മീൻ വിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. മത്സ്യഫെഡിന്റെ നാല് ഹാച്ചറിക്ളിലുമായി കൂടി 120 മില്യൻ ചെമ്മീൻ വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിന് ശേഷിയുണ്ട്. |
| (സി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും 2011-12 വർഷത്തിൽ ലഭിച്ച മത്സ്യ/ചെമ്മീൻ വിത്തിന്റെ അളവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; വകുപ്പു വഴി നേരിട്ടാണോ അതോ ഏജൻസിവഴിയാണോ ഇത് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | ഫിഷറീസ് വകുപ്പ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും 2011-12 വർഷത്തിൽ മത്സ്യ/ചെമ്മീൻ വിത്തുകൾ വാങ്ങി വിതരണം നടത്തിയിട്ടില്ല. |
| (ഡി) | തദ്ദേശീയമായ സ്വകാര്യ ഹാച്ചറികൾ 2011-12 വർഷത്തിൽ ഉൽപ്പാദിപ്പിച്ചിട്ടുള്ള മത്സ്യ/ചെമ്മീൻ വിത്ത് എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ; | (ഡി) | കണക്കാക്കിയിട്ടില്ല. |

(ഇ) സർക്കാർ സ്കീമുകൾക്കായി സ്വകാര്യഹാച്ചറികളിൽ നിന്നും 2011-12 വർഷത്തിൽ എത്ര അളവ് വിത്തുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ സ്കീമുകൾക്കായി സ്വകാര്യഹാച്ചറികളിൽ നിന്നും വാങ്ങി 2011-12 വർഷത്തിൽ അഡാക്ക് വിതരണം ചെയ്തിട്ടുള്ള വിത്തുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മത്സ്യകുഞ്ഞുങ്ങൾ-3,35,06,664
2. ആറ്റുകൊഞ്ച് - 39,88,132
3. കാരചെമ്മീൻ - 2,14,21,300

(എഫ്) സംസ്ഥാനത്ത് ഇറക്കുമതി ചെയ്യപ്പെടുന്നതും, ഉല്പാദിപ്പിക്കപ്പെടുന്നതുമായ മത്സ്യ/ചെമ്മീൻ വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സീഡ് സർട്ടിഫിക്കേഷൻ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

(എഫ്) അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കല ഓടയം ഹാച്ചറി, കുമ്പളങ്ങി, വടക്കൻ പറവൂർ എന്നിവിടങ്ങളിൽ ചെമ്മീൻ വിത്തിന്റെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാ റിപ്പോർട്ട് പി.സി.ആർ ലാബുകളിൽ നിന്നും നൽകി വരുന്നു. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ മത്സ്യ വിത്ത് ഉല്പാദിപ്പിക്കുന്ന ഹാച്ചറികൾ രജിസ്റ്റർ ചെയ്യുന്നതിനും മത്സ്യവിത്ത് സർട്ടിഫൈ ചെയ്യുന്നതിനും വേണ്ട ചില വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2010-ലെ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനും ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് നിയമത്തിലെ വ്യവസ്ഥകൾപ്രകാരം സീഡ് സർട്ടിഫിക്കേഷൻ സംവിധാനം സംസ്ഥാനത്ത് കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ